(ബി) ദീർഘദൂര സർവീസുകളിൽ സ്ത്രീ യാത്രക്കാരുടെ അഭാവത്തിൽ പുരുഷന്മാർക്ക് സീറ്റ് റിസർവേഷൻ കൊടുക്കാതിരിക്കുന്നത് കോർപ്പറേഷനു കനത്ത സാമ്പത്തിക നഷ്ടം വരുത്തുക്കമാത്രമല്ല യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുവാൻ ഇടയുള്ളതു കൊണ്ട് നിർദ്ദേശം സ്വീകരിക്കാൻ നിർവാഹമില്ല.

(സി) നിർദ്ദേശം നിലവിലുണ്ട്.

ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയുടെ അറ്റകുറ്റപ്പണികൾ

61 (3593) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയിൽ ബസ് കയറിയിറങ്ങുന്ന ഭാഗത്തും വർക്ക്ഷോപ്പിന്റെയും പമ്പിന്റെയും ഭാഗത്തും തറ തകർന്ന നിലയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ പുനരുദ്ധാരണ ജോലികൾക്ക് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ഡിപ്പോയിലുള്ള വർക്ക്ഷോപ്പിൽ മൂന്നു ബസുകൾക്ക് മാത്രമേ അറ്റകുറ്റപ്പണികൾക്കായുള്ള സൗകര്യമുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവിടെ ഒരു ഡോക്ക് കൂടി പണിയുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡിപ്പോയിലും വർക്ക്ഷോപ്പിലുമുള്ള വയറിംഗ് പല സ്ഥലത്തും പഴക്കംമൂലം പ്രവർത്തനക്ഷമമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) റീ വയറിംഗ് നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ജി) ഡിപ്പോയിലുള്ള മൈക്ക് അനൗൺസ്മെന്റ് സംവിധാനം പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഡിപ്പോയിലെ പ്രധാന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസ്സ്റ്റേഷൻ യാർഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബസ് സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം ടയർ സെക്ഷൻ, സ്റ്റോർ, കാന്റീൻ തുടങ്ങിയവ പ്രവർത്തിക്കുന്നത് ഒരു ഗ്യാരേജിലാണ്. രണ്ടാമത്തെ ഗ്യാരേജിൽ അഞ്ചു വണ്ടികൾക്കു അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചങ്ങനാശ്ശേരി ബസ്സ്റ്റേഷനിലെ സ്ഥലദൗർലഭ്യവും കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും ഇത്തരമൊരു നിർമ്മാണ പ്രവർത്തനം അനുവദിക്കാത്ത സാഹചര്യമാണുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) വർക്ക്ഷോപ്പിലെ വയറിംഗിന് 6 വർഷത്തെ പഴക്കമേയുള്ളൂ എങ്കിൽ തന്നെയും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) പ്രവർത്തനക്ഷമമാക്കുവാൻ വേണ്ടതു ചെയ്യുന്നതാണ്.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

ട്രാം സർവ്വീസ്

62 (3594) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ റോഡ് ഗതാഗതത്തിനു പുറമേ ട്രാം സർവ്വീസോ സമാനമായ മറ്റു ഗതാഗത സർവ്വീസോ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്താണെന്നും എന്ന് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇങ്ങനെയുള്ള ഗതാഗത സർവ്വീസ് ആരംഭിക്കുന്നതിന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു ഏജൻസിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്ന വിവരം

63 (3595) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസുകളുടെ കുറവുമൂലം കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവ്വീസുകളാണ് മുടങ്ങിയിട്ടുള്ളതെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly